പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1398 | 21/03/2012-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതി

ചോദ്യം | മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ : | കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വയനാട്ടിലെ ഭൂരഹിതരായ ആദിവാസികൾക്ക് സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ; | (എ) | വയനാട്ടിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് ഗൈഡ് ലൈൻസ് ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവാകുകയും ഭൂ ഉടമകളിൽ നിന്നും ഓഫറുകൾ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇതിലേയ്ക്കായി 40,00,00,000/-രൂപ (40 കോടി രൂപ മാത്രം) വയനാട് ആദിവാസി പുനരധിവാസ വികസന മിഷന്റെ പേർക്ക് അനുവദിക്കുകയും ചെയ്തിരുന്നു. വൈത്തിരി താലൂക്കിലെ കോട്ടപ്പടി വില്ലേജിലെ സർവ്വേ നമ്പർ 219-ൽപ്പെട്ട 72 ഏക്കർ സ്ഥലം ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ച് ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 220 ഏക്കറോളം സ്ഥലം സർക്കാരിന് നൽകുന്നതിന് അപേക്ഷ ലഭിക്കുകയും ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള ഒരു സമിതി ഈ സ്ഥലങ്ങൾ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | പദ്ധതി എത്രയും പെട്ടന്ന് തന്നെ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ